"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗര ഗ്രാമാസൂത്രണ വകുപ്പ് -മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി. മേഴ്സി കരുവിളയുടെ ഭർത്താവിന്റെ - ചികിത്സയ്ക്ക് ചെലവായ തുക റീ -ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.164/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/01/2021

---

പരാമർശം:- 1. ശ്രീമതി. മേഴ്സി കരുവിളയുടെ 29.04.2017 തീയതിയിലെ അപേക്ഷ.

2. മുഖ്യ നഗരാസൂത്രകന്റെ 30.01.2018 തീയതിയിലെ ബി3/5432/17 നമ്പർ കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.10.2019 തീയതിയിലെ (എൽ ഡിസ്) എം.ആർ6/37997/2019/ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

നഗര ഗ്രാമാസൂത്രണ വകുപ്പിൽ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. മേഴ്സി കരുവിള തന്റെ ഭർത്താവ് ശ്രീ കരുവിള സാമുവലിന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം മുഖ്യ നഗരാസൂത്രകന് അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം 2 പ്രകാരം മുഖ്യ നഗരാസൂത്രകൻ സമർപ്പിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ക്ലാർക്ക് ശ്രീമതി. മേഴ്സി കരുവിളയുടെ ഭർത്താവ് ശ്രീ കരുവിള സാമുവലിന്റെ കരൾ സംബന്ധമായ ചികിത്സയ്ക്ക്, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമായ തുകയായി അറിയിച്ചിട്ടുള്ള 18,03,526/- രൂപ(പതിനെട്ട് ലക്ഷത്തിൽ മൂവായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജോൺ വി സാമുവൽ ഐ എ എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

<u>പകർപ്പ്</u>

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം(മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും ഉൾപ്പെടെ ).

ശ്രീമതി. മേഴ്സി കരുവിള, ക്ലാർക്ക്(മുഖ്യ നഗരാസൂത്രക മുഖേന)

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു4/ 278/2017 - തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ